## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1033 — **02.12.2015** ലെ മറുപടിക്ക്

<u>പട്ടികജാതി കോളനി നവീകരണ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത പട്ടികജാതി കോളനി നവീകരണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ; | (എ) | സാധിച്ചിട്ടില്ല. കോളനി നിവാസികളുടെ നിസ്സഹകരണം, കോളനിയിലെ സ്ഥല ലഭ്യതക്കുറവ്, എസ്റ്റിമേറ്റിൽ വരുന്ന മാറ്റങ്ങൾ എന്നിവ മുഖാന്തിരം കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | സർക്കാർ ഇതുവരെ ലക്ഷ്യമിട്ടതും പ്രവൃത്തി പൂർത്തീകരിച്ചതുമായ കോളനികൾ എത്രയെന്നറിയിക്കുമോ; | (ബി) | 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത 215 കോളനികളിൽ 19 കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികളും അതിനായി എന്തു തുക ചെലവഴിച്ചെന്നും അറിയിക്കുമോ; | (സി) & (ഡി) | 2012-13 -ൽ തെരഞ്ഞെടുത്ത 113 കോളനികളുടെ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ആകെ 69,64,10,523/- രൂപയും (അറുപത്തിയൊൻപത് കോടി അറുപത്തിനാല് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) 2013 - 14 -ൽ തെരഞ്ഞെടുത്ത 102 കോളനികളുടെ വികസനങ്ങൾക്കായി നാളിതു വരെ 24,78,40,898/- രൂപയും (ഇരുപത്തിനാല് കോടി എഴുപത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.<br>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ വികസന പ്രവർത്തനങ്ങൾ 2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾക്ക് പണി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി കോളനികളെയെല്ലാം എന്നത്തേക്ക് സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്താൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പദ്ധതിയുടെ രൂപരേഖ നൽകുമോ ? | | |

2008-ൽ കില നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളെയാണ് പട്ടിക ജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. ഗവൺമെന്റ് അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ബന്ധപ്പെട്ട എം.എൽ.എ / എം.പിയാണ് ഏജൻസികളെ തീരുമാനിക്കുന്നത്. ഒരു കോളനിക്ക് ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. പട്ടികജാതി കോളനികളിലെ നവീകരണ പദ്ധതി പ്രകാരം താഴെ പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്:-

1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതയുടെ നിർമ്മാണം
2. ആശയവിനിമയ സൗകര്യം
3. ഡ്രെയിനേജ് സൗകര്യങ്ങൾ
4. കുടിവെള്ള പദ്ധതികൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സാനിറ്റേഷൻ
7. മാലിന്യ നിർമ്മാർജ്ജനം
8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ /കളിസ്ഥലം മുതലായവ
7. സ്ഥലം വികസിപ്പിക്കൽ / സംരക്ഷണഭിത്തി നിർമ്മാണം
8. സോളാർ തെരുവു വിളക്ക്
9. ഭവനപുനരുദ്ധാരണം
10 അടുക്കളത്തോട്ടം
11 വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിങ്ങ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)
12. കോളനിയിലേയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ

സെക്ഷൻ ഓഫീസർ